**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4656** **13-03-2023 - ൽ മറുപടിയ്ക്ക്**

**ജീവനക്കാർക്ക് ഭരണഘടനയുടെ അവബോധം വർധിപ്പിക്കുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കിടയിലും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിലും ഭരണഘടനയുടെ അവബോധം വർധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ പാർലമെന്ററികാര്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സാമൂഹ്യനീതിയിലധിഷ്ഠിതമായ ഇന്ത്യൻ ഭരണഘടനയെയും പാർലമെന്ററി ജനാധിപത്യ സംവിധാനത്തെയും കുറിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനായി, പാർലമെന്ററികാര്യ വകുപ്പിനുകീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിയ്ക്കുമായുള്ള വേദി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ നിയമസഭാ സാമാജികരെയും അറിയിച്ചിട്ടുണ്ട്. ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ ഭാഗമാകുവാൻ 155 സ്കൂളുകളും 45 കോളേജുകളും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ സ്കൂൾ/കോളേജ്തല യൂത്ത്/ മോഡൽ പാർലമെന്റ് മത്സരങ്ങൾ, ഏകദിന/ദ്വിദിന സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശില്പശാലകൾ, ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു. ഇതിനായി സ്കൂൾ/കോളേജ് അധ്യാപക കോ-ഓർഡിനേറ്റർമാർക്ക് വിവിധ തലങ്ങളിലുള്ള പരിശീലനപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭരണഘടനയെയും ജനാധിപത്യ മൂല്യങ്ങളെയും പൊതുസമൂഹത്തിനു മുന്നിൽ പരിചയപ്പെടുത്തുന്നതിലേയ്ക്കായി വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പരിപാടികൾക്ക് പുറമേ ജനപ്രതിനിധികളെയും ഭരണഘടനാ വിദഗ്ധരെയും ഉൾപ്പെടുത്തിക്കൊണ്ട് 2022 നവംബർ 26-ന് സംസ്ഥാനതല ഭരണഘടനാ ദിനാഘോഷവും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിട്ടുണ്ട്. 2023 ഫെബ്രുവരി |

| | | | |
|---|---|---|---|
| | | | 15,16,17 തീയതികളിൽ യൂത്ത്/മോഡൽ പാർലമെന്റ് റിപ്പീറ്റ് പെർഫോമൻസ്, മികച്ച പാർലമെന്റേറിയന്മാർക്കുള്ള ക്യാമ്പ്, സ്കൂൾ/ കോളേജ് തലത്തിൽ വിജയികളായ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സമ്മാനദാനം എന്നിവ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചു. അതോടൊപ്പം സ്വാതന്ത്ര്യദിനം, മനുഷ്യാവകാശ ദിനം, റിപ്പബ്ലിക് ദിനം, പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ എന്നിവ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കി വരുന്നു. പരിപാടികളുടെ കൃത്യമായ നടത്തിപ്പിലേയ്ക്കായി ജില്ലാ- കോ-ഓർഡിനേറ്റർമാരെയും സ്കൂൾ-കോളേജ് തലത്തിൽ അധ്യാപക-വിദ്യാർത്ഥി കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ സർക്കാർ ജീവനക്കാർക്കായി അവബോധപരിപാടി നടപ്പിലാക്കുന്നില്ല. |
| (ബി) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും ഭരണഘടനാ സ്ഥാപനങ്ങളിലും ഭരണഘടനാ ശില്പിയായ അംബേദ്കറിന്റെ ചിത്രം സ്ഥാപിക്കുവാൻ നിർദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ബി) | ചിത്രം സ്ഥാപിക്കുന്നത് വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ പാർലമെന്ററികാര്യ വകുപ്പ് ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. |
| (സി) | സംസ്ഥാനത്തെ കോളേജുകളിലും സ്കൂളുകളിലും ഉള്ള കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബുകൾക്ക് ഏത് വിധത്തിൽ ഉള്ള സഹായങ്ങൾ ആണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഭരണഘടനയുടെ പ്രാധാന്യം യുവതലമുറയിലേയ്ക്ക് എത്തിക്കുന്നതിനായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ FDSJയുടെ കീഴിൽ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബുകൾ രൂപീകരിക്കുവാൻ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നിലവിൽ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബുകൾ രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ